*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 34A

### പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്

## റോട്ടറി ഇന്റർനാഷണൽ ഇന്റർവ്യൂ

### ജൂലൈ 22, 2022

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

1975-ൽ ഞാൻ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതാൻ പോവുന്ന കുട്ടികളെ പഠിപ്പിക്കുകയായിരുന്നു. പെട്ടെന്നൊരു ദിവസം, വൈകുന്നേരം 8.00 മണിക്ക്, എനിക്ക് ഗുണ്ടൂർ റീജിയൻ 315 റോട്ടറി ക്ലബ് പ്രസിഡണ്ടിന്റെ ഒരു സന്ദേശം ലഭിച്ചു. നിങ്ങൾക്കെല്ലാം അറിയാവുന്നപോലെ, റോട്ടറി ഇന്റർനാഷണൽ ക്ലബ് എല്ലാ കൊല്ലവും 4 തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാമിനായി അമേരിക്കയ്ക്ക് അയയ്ക്കും. ഈ നാല് അംഗങ്ങളുടെയും നേതാവ് ഒരു റോട്ടറി അംഗമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന നാല് അംഗങ്ങളും ഏതെങ്കിലും റോട്ടറി ക്ലബ് അംഗമായിരിക്കാൻ പാടില്ല, അവർ ഏതെങ്കിലും റോട്ടേറിയന്റെ ബന്ധുവാകാനും പാടില്ല. മെറിറ്റിന്റെ അടിസ്ഥാനത്തിലാവും അവർ തെരഞ്ഞെടുക്കപ്പെടുന്നത്-ഒരാൾ വിദ്യാഭ്യാസത്തെ പ്രതിനിധീകരിച്ച്; ഒരാൾ കൃഷിയെ പ്രതിനിധീകരിച്ച്; ഒരാൾ വ്യവസായത്തെ പ്രതിനിധീകരിച്ച്; ഒരാൾ വാണിജ്യത്തെയും ബിസിനസ്സിനെയും പ്രതിനിധീകരിച്ച്. ഈ നാല് അംഗങ്ങളുടെയും തലവൻ ഒരു റോട്ടേറിയനാവും, അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നതും റോട്ടറി ഇന്റർനാഷണൽ ആണ്.

ഞാൻ തെരഞ്ഞെടുക്കപ്പെട്ടു എന്നും ഞാൻ എന്റെ അപേക്ഷ അയയ്ക്കണം എന്നുമുള്ള സന്ദേശം കണ്ടിട്ട്, ഞാൻ ഗുണ്ടൂരിലെ അന്നത്തെ റോട്ടറി ഇന്റർനാഷണൽ പ്രസിഡണ്ടായിരുന്ന അഡ്വക്കേറ്റ് ശ്രീ പി. ശ്രീനിവാസ മൂർത്തിയുടെ വീട്ടിൽ ചെന്നു. ഞാൻ വൈകുന്നേരം ഏതാണ്ട് 8.30 മണിയോടെയാണ് അദ്ദേഹത്തെ കണ്ടത്. അദ്ദേഹം എന്നെ നോക്കിയിട്ട് കേവലം ഔപചാരികമായ ചോദ്യങ്ങൾ ചോദിച്ചിട്ട് എന്നോട് പറഞ്ഞു, ‘‘മി.

അനിൽകുമാർ! താങ്കളെ ഇവിടെ ധാരാളം പേർ അറിയും. താങ്കളെ ഇന്റർവ്യൂ ചെയ്യേണ്ട കാര്യമില്ല. താങ്കൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. താങ്കൾക്ക് നാളെ താങ്കളുടെ അപേക്ഷാഫാറം അയയ്ക്കാം!'' സാധാരണയായി ഞങ്ങൾ അപേക്ഷ അയയ്ക്കും, എന്നിട്ട് നമ്മെ ഇന്റർവ്യൂവിന് വിളിക്കും, പിന്നീട് നമ്മെ തെരഞ്ഞെടുത്തുകൊണ്ടുള്ള കത്ത് നമുക്ക് ലഭിക്കും.

ഏതായാലും, ഇത് കുറച്ച് വിചിത്രമായി തോന്നി-ആദ്യമേ തെരഞ്ഞെടുപ്പ്, അപേക്ഷ പിന്നീട്! എനിക്കത് വിശ്വസിക്കാനായില്ല, പക്ഷേ എന്തായാലും, പിറ്റേന്ന് കാലത്ത് ഞാൻ എന്റെ അപേക്ഷ അയച്ചു. ഓർക്കുക, 1975-ൽ സംഭവിച്ചതാണിത്. കുറച്ചു ദിവസങ്ങൾക്കു ശേഷം, എനിക്ക് റോട്ടറി ഇന്റർനാഷണലിൽനിന്ന് മറ്റൊരു സർക്കുലർ ലഭിക്കുകയുണ്ടായി, ഹൈദ്രബാദിലെ റിറ്റ്സ് ഹോട്ടലിൽ ഒരു ഇന്റർവ്യൂവിനായി ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട്. ഞാൻ മെഡിക്കൽ എൻട്രൻസ് വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന തിരക്കിലായിരുന്നു, പൂർണമായും അതിൽ മുഴുകിയിരുന്നു- വെറുതെ കളയാൻ നേരമുണ്ടായിരുന്നില്ല! എന്നിരുന്നാലും ഇന്റർവ്യൂവിന് പങ്കെടുക്കുന്നതിന് ഞാൻ ആഗ്രഹിച്ചു. ഞാനതിന് സമയം കണ്ടെത്തി, ഹൈദ്രബാദിലേക്ക് ട്രെയിനിലാണ് യാത്ര ചെയ്തത്. അതേ ട്രെയിനിൽത്തന്നെ, കുറച്ച് ചെറുപ്പക്കാരും അതേ ഇന്റർവ്യൂവിന് തയ്യാറെടുക്കുന്നത് ഞാൻ കണ്ടു. അവർ 'മനോരമ', 'India -Who is who' തുടങ്ങി പല തരം പുസ്തകങ്ങളും 'Competition Master' തുടങ്ങിയ ജേർണലുകളും വായിക്കുകയായിരുന്നു, കാരണം അവർക്ക് ഇന്റർവ്യൂവിന് തയ്യാറെടുക്കണമായിരുന്നു.

ഇക്കാര്യത്തിൽ ഞാൻ വളരെ, വളരെ സത്യസന്ധമായി പറയട്ടെ. ഞാൻ ഒട്ടുംതന്നെ തയ്യാറെടുത്തിരുന്നില്ല. ഇന്റർവ്യൂവിന് വേണ്ടി ഞാൻ ഒരു പുസ്തകവും വായിച്ചിട്ടില്ല. ഞാൻ ഹൈദ്രബാദിനു പോയി ഇന്റർവ്യൂവിന് പങ്കെടുക്കുന്നതിന് തീരുമാനിച്ചു, അത്രമാത്രം!! ഇതു കണ്ടിട്ട്, ഒരു വ്യക്തി എന്നോട് അന്വേഷിച്ചു, ''സർ! താങ്കൾക്ക് ഈ പുസ്തകം വായിക്കാൻ വേണോ?''- 'മനോരമ'-നിറയെ സ്ഥിതിവിവരക്കണക്കുകളും ഡേറ്റയുമുള്ള ഒരു പുസ്തകമാണ്, ഇന്റർവ്യൂവിന് തയ്യാറെടുക്കുന്നവരെ ഉദ്ദേശിച്ചുള്ള പുസ്തകമാണ്.

ശരി, ഞാൻ സായിമാർഗത്തിൽ നവാഗതനായിരുന്നു. ഞാൻ 1972-ൽ പ്രശാന്തിനിലയം സന്ദർശിച്ചിട്ടേയുള്ളൂ, അത് സായി പഥത്തിലേക്കുള്ള പുതിയ ആഗമനഘട്ടം ആയിരുന്നു. നിങ്ങൾക്ക് അറിയാവുന്നപോലെ, മിക്ക സായിഭക്തരും, തുടക്കത്തിൽ, അവരുടെ ആഗമന കാലത്ത്, സായിഭജനുകൾ പാടിക്കൊണ്ടേയിരിക്കും. റെയിൽവെ കംപാർട്ട്മെന്റിൽ, ഞാൻ സായിഭജനുകൾ മൂളിക്കൊണ്ടിരുന്നു. ആ പയ്യൻ ഒരു പക്ഷേ പരീക്ഷയ്ക്ക് തയ്യാറെടുക്കു

കയാവണം; എന്റെ പാട്ട് അവന് ശല്യമായി, എന്നോട് 'മനോരമ' വായിക്കാനായി അവൻ ആവശ്യപ്പെട്ടു. അപ്പോൾ ഞാനാ കുട്ടിയോട് പറഞ്ഞു, "പേടിക്കേണ്ടാ! താങ്കൾക്ക് ശല്യ മായി എന്നെനിക്കറിയാം. ഇനി ഞാൻ ഉറക്കെ പാടില്ല. പേടിക്കേണ്ടാ! താങ്കൾ താങ്കളുടേ തായ രീതി തുടർന്നോളൂ!"

അപ്പോൾ മറ്റൊരു വ്യക്തി, റോട്ടറി ക്ലബ്ബിൽനിന്നുള്ള ഒരു സീനിയർ ആൾ, അദ്ദേഹം ടീം ലീഡർ സെലക്ഷനുവേണ്ടിയുള്ള ഇന്റർവ്യൂവിന് പങ്കെടുക്കാനാണെന്നു തോന്നുന്നു, അദ്ദേ ഹത്തെ എനിക്ക് നന്നായറിയാം, എന്റെ അകന്ന ബന്ധു കൂടിയാണ്! അദ്ദേഹം എന്നോട് തിരക്കി, "എന്തുകൊണ്ടാണ് താങ്കൾ പുസ്തകമൊന്നും വായിക്കാത്തത്? താങ്കൾ എന്തു തയ്യാറെടുപ്പാണ് നടത്തിയിട്ടുള്ളത്?"

ഞാൻ അദ്ദേഹത്തോട് പറഞ്ഞു, "സർ! ഞാൻ സത്യസന്ധമായി താങ്കളോട് പറയട്ടെ. ഞാൻ യാതൊരു ഒരുക്കങ്ങളും നടത്തിയിട്ടില്ല. ഞാൻ ഒരു പുസ്തകവും വായിച്ചിട്ടില്ല. എന്നിരുന്നാലും ഞാൻ ഇന്റർവ്യൂവിന് പങ്കെടുക്കുന്നുണ്ട്!"

ആ മനുഷ്യൻ ചിരിച്ചു. അദ്ദേഹം എന്നേക്കാൾ മുതിർന്നതാണ്. അദ്ദേഹം വീണ്ടും വീണ്ടും ചിരിച്ചു, എന്നിട്ട് പറഞ്ഞു, "എങ്കിൽ താങ്കളെന്തിനാണ് ഈ യാത്രയ്ക്കായി പണം വെറുതേ പാഴാക്കിയത്? സമയവും? എനിക്കറിയാം താങ്കൾ അവിടെ മെഡിക്കൽ എൻട്രൻസ് ക്ലാസ്സുമായി തിരക്കിലായിരുന്നെന്ന്."

അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, "സർ! എന്റെ സഹോദരി ഹൈദ്രബാദിൽ ഒരു വീട് വച്ചിട്ടുണ്ട്, അവരുടെ ഗൃഹപ്രവേശച്ചടങ്ങിന് പങ്കെടുക്കുന്നതിന് എനിക്ക് കഴിഞ്ഞില്ല. അതുകൊണ്ട്, ചുരുങ്ങിയത് അവരുടെ വീട് കാണാൻ എനിക്ക് ആഗ്രഹമുണ്ട്. ഈ അക്കൗണ്ടിൽ, ചുരുങ്ങിയത് ഈ ഇന്റർവ്യൂവിന്റെ പേരിലെങ്കിലും, ഈ അവസരം മുഴു വനും പ്രയോജനപ്പെടുത്തി അവളെയും അവളുടെ വീടും സന്ദർശിക്കണമെന്നാണ് എന്റെ ആഗ്രഹം! അതാണെന്റെ ആശയം!"

ശരി, അദ്ദേഹം മനസ്സുതുറന്ന് ചിരിച്ചു, എന്നിട്ട് പറഞ്ഞു, "ശരി! നമുക്ക് നോക്കാം!"

ശരി, ഞാൻ എന്റെ ഏറ്റവും മികച്ച റെയ്മണ്ട് കമ്പിളി സ്യൂട്ട്-ഒരു വിവാഹ സ്യൂട്ട്-ഇട്ട്, അത് നല്ലപോലെ ഇസ്തിരിയിട്ടിരുന്നു, നിലനിറത്തിലുള്ള സ്യൂട്ടും ഓറഞ്ച് നിറമുള്ള ഷർട്ടുമിട്ട്, നേരെ റിറ്റ്സ് ഹോട്ടലിലേക്ക് പോയി, ഇന്റർവ്യൂന് പങ്കെടുത്തു.

അവർ ഓരോരുത്തരെയായി വിളിച്ചുതുടങ്ങിയിരുന്നു. ഞങ്ങളെ ഇന്റർവ്യൂ ചെയ്തത് റോട്ടറി ഇന്റർനാഷണലിന്റെ വലിയ ആളുകൾ, പ്രധാന നേതാക്കൾ ആയിരുന്നു-മുൻ

റോട്ടറി ഗവർണർമാർ, അവർ വളരെ അനുഭവപരിചയം ഉള്ളവരാണ്. അങ്ങനെ, ഓരോരുത്തരായി വിളിക്കപ്പെട്ടുതുടങ്ങി, ഇന്റർവ്യൂ കഴിഞ്ഞവർ ഹാളിനു പുറത്തേക്ക് വന്നു, മറ്റുള്ളവർ ഇന്റർവ്യൂന് പങ്കെടുക്കുന്നതിനുള്ള ആകാംക്ഷയിലായിരുന്നു.

അവർ എന്നോട് ചോദിക്കുന്നുണ്ടായിരുന്നു, ''അവരെന്തു ചോദ്യമാണ് ചോദിച്ചത്? അവരെന്തു ചോദ്യമാണ് ചോദിച്ചത്?''

അവർ പറയുകയായിരുന്നു, ''അവർ ആര്യഭട്ടയെക്കുറിച്ചുള്ള ചോദ്യങ്ങളാണ് ചോദിച്ചത്. ആര്യഭട്ട ഇന്ത്യ ബഹിരാകാശത്തേക്ക് വിക്ഷേപിച്ച ഒരു ഉപഗ്രഹമാണല്ലോ, അവർ ചോദിക്കുകയാണ്, എന്തുകൊണ്ടാണ് ഇന്ത്യ ഒരു സമാധാനം കാംക്ഷിക്കുന്ന രാഷ്ട്രമായിട്ടും ആര്യഭട്ട വിക്ഷേപിക്കുന്നതിന് മുതിർന്നത് എന്ന്.''

ഇനി, മറ്റൊരു പയ്യൻ പറയുന്നുണ്ടായിരുന്നു, ''അവരെന്നോട് ചോദിച്ചത് ഇന്തോ-സോവിയറ്റ് കരാറിനെ കുറിച്ചാണ്.'' അവർ ഈ ചോദ്യങ്ങളെപ്പറ്റിയെല്ലാം ചർച്ച ചെയ്തുകൊണ്ടിരുന്നു, ഇനി തങ്ങളുടെ ഊഴം വരുമ്പോൾ നേരിടാൻ പോവുന്ന ചോദ്യങ്ങൾ എന്തൊക്കെയാവും എന്ന ആകാംക്ഷയോടെ ഈ ആളുകളൊക്കെ അവർ പറയുന്നത് ശ്രദ്ധയോടെ കേട്ടിരുന്നു.

ഞാൻ ആരോടും ഒന്നും ചോദിക്കാൻ പോയില്ല. ഞാൻ അവർ പറയുന്നത് വെറുതെ കേട്ടിരുന്നു. വാസ്തവം പറഞ്ഞാൽ, ആ ചോദ്യങ്ങൾക്കൊന്നും എന്റെ പക്കൽ ഉത്തരമില്ലായിരുന്നു. ശരി, നമുക്ക് നോക്കാം!

അപ്പോൾ ഞാൻ വിളിക്കപ്പെട്ടു. ഞാൻ ഉള്ളിൽ കയറി, വലിയ ആത്മവിശ്വാസത്തോടെ, കാലു പിണച്ച് ഞാനിരുന്നു, കാരണം എനിക്ക് യാതൊരു തയ്യാറെടുപ്പും ഇല്ലായിരുന്നല്ലോ!

അപ്പോൾ ഒരു റോട്ടറി ഗവർണർ എന്നോട് ചോദിച്ചു, ''മി. അനിൽകുമാർ, താങ്കൾ എവിടെ നിന്ന് വരുന്നു?''

ഞാൻ പറഞ്ഞു, ''സർ, ഞാൻ ഗുണ്ടൂരിൽ നിന്നാണ്. ഞാൻ ഒരു ക്രിസ്ത്യൻ കോളജിലെ പ്രഫസറാണ്.''

അപ്പോൾ മറ്റൊരു റോട്ടറിക്ലബ് ഗവർണർ എന്നോട് വേറൊരു ചോദിച്ചു, ''തെരഞ്ഞെടുക്കപ്പെട്ടാൽ, താങ്കൾ അമേരിക്കയിലേക്ക് പോവുകയാണ്, താങ്കൾ ചില ചോദ്യങ്ങൾ നേരിടേണ്ടിവരും, അവിടെ ആളുകൾ താങ്കളോട് ധാരാളം ചോദ്യങ്ങൾ ചോദിച്ചേക്കും. സ്വയം

ശാന്തനായി ഇരിക്കുക! താങ്കൾക്ക് ഉത്തരം അറിയുമെങ്കിൽ, ശരി! താങ്കൾക്ക് ആ ഉത്തരം നൽകാം, പ്രതികരിക്കാം. അഥവാ പരിഭ്രമിക്കേണ്ടതില്ല!"

"ഒ.കെ. സർ. സാരമില്ല, താങ്കൾക്ക് എന്നോട് ഏതു ചോദ്യവും ചോദിക്കാം!"

എന്നോട് ചോദിക്കപ്പെട്ട ചോദ്യം ഇതായിരുന്നു. "ഇന്ത്യ വളരെ ജനസംഖ്യയുള്ള ഒരു രാജ്യമാണ്-ഇന്ത്യയിൽ, ആളുകളാണ് എല്ലായിടത്തും, ഒരോയിടത്തും. ധാരാളം ദൈവങ്ങളുമുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇന്ത്യയിൽ, ആളുകൾ പല ദൈവങ്ങളെ ആരാധിക്കുന്നു, ജനസംഖ്യയ്ക്കു തുല്യം. ആ ചോദ്യമാണ് താങ്കളോട് ചോദിക്കുന്നത് എങ്കിൽ, എന്തു മറുപടിയാവും താങ്കൾക്കുണ്ടാവുക?"

അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, "സർ, ദൈവം, ഈശ്വരൻ ഒന്നേയുള്ളൂ. രൂപങ്ങൾ പലതുണ്ട്! ഇന്ത്യയിൽ, ആളുകൾ പല ദൈവങ്ങളെ ആരാധിക്കുന്നുണ്ടാവാം-വിഭിന്ന രൂപങ്ങളിലുള്ള ഏകദൈവത്തെയാണത്!"

ആ മനുഷ്യൻ, "ഓ, നല്ലത്! ശരി, താങ്കൾ ആ പ്രസ്താവന ഒന്ന് വിശദീകരിക്കാമോ?"

ഞാൻ ഉടനെ പറഞ്ഞു, "ആഭരണങ്ങൾ പലതുണ്ട്, എന്നാൽ സ്വർണം ഒന്നേയുള്ളൂ! പൂക്കൾ നിരവധിയാണ്, പൂജ ഒന്നാണ്! നാമരൂപങ്ങൾ പലതാണ്, ഈശ്വരൻ ഒന്നേയുള്ളൂ! മാർഗങ്ങൾ പലതുണ്ട്, ലക്ഷ്യം ഒന്നാണ്! നൂലിൽ വ്യത്യാസമുണ്ടാവാം, പക്ഷേ വസ്ത്രം ഒന്നുതന്നെ!" ഇപ്രകാരം, ഞാൻ എന്റെ പ്രസ്താവന ന്യായീകരിക്കുന്നത് തുടർന്നു.

അപ്പോൾ ആ റോട്ടറി ഗവർണർ പറഞ്ഞു, "നന്നായി! നന്നായി!"

അന്നേരം മറ്റൊരു റോട്ടറി ഗവർണർ, മുൻ ഗവർണർ, എന്നോട് മറ്റൊരു ചോദ്യം ചോദിച്ചു, "എങ്കിൽ, ഇന്ത്യയിൽ ഒരു ദൈവം കുറിയത്, ഒരു ദൈവം പൊക്കമുള്ളത്, അങ്ങനെയെന്താണ്?"

അദ്ദേഹം ഉദ്ദേശിച്ചത് ഗണേശനെയും രാമചന്ദ്രനെയുമാണെന്ന് എനിക്ക് മനസ്സിലായി. അപ്പോൾ ഞാൻ ഈ രീതിയിൽ മറുപടി നൽകി, "വസ്ത്രങ്ങൾ നമ്മുടെ അളവിനനുസരിച്ചാണ് തുന്നപ്പെടുന്നത്. ഒരേ ഷർട്ട് എല്ലാവർക്കും ചേരില്ല. അത് അളവിനനുസരിച്ച് തുന്നണം. ഇതേ രീതിയിൽ, സംസ്കാരത്തിന്, മനോഭാവത്തിന് അനുസരിച്ച്- ഇഷ്ടങ്ങളും അനിഷ്ടങ്ങളും, ഒരുവന് ഒരു തെരഞ്ഞെടുക്കപ്പെട്ട രൂപമുണ്ടാവാം; ഒരുവന് ഒരു രൂപത്തോട് പ്രതിപത്തിയുണ്ടാവാം, അതിനെ അവൻ ആരാധിക്കാം. എല്ലാ ആളുകൾക്കും ഒരേ ഇഷ്ടം, ഒരേ പ്രതിപത്തി ആവില്ല. അതിനാൽ, സംസ്കാരമനുസരിച്ച്, വിഗ്രഹങ്ങൾ, രൂപങ്ങൾ വ്യത്യസ്തമായിരിക്കും!"

“ഓ! നന്നായിട്ടുണ്ട്!”

ഇനി മറ്റൊരു റോട്ടറി ഗവർണർ എന്നോട് ഇങ്ങനെയൊരു ചോദ്യം ചോദിച്ചു, “അങ്ങനെ എങ്കിൽ, ഇന്ത്യയിൽ ഇത്ര അഴിമതി എന്തുകൊണ്ട്? താങ്കൾ ദൈവങ്ങളെക്കുറിച്ച് സംസാരിക്കുന്നു. താങ്കൾ ഇന്ത്യയിലെ ആദ്ധ്യാത്മികതയെ കുറിച്ച് പറയുന്നു. ഇനി, ആരെങ്കിലും താങ്കളോട് ഈ ചോദ്യം ഉന്നയിക്കുകയാണെങ്കിൽ, ഇന്ത്യയിൽ ഇത്ര അഴിമതി, കള്ളക്കടത്ത് എന്തുകൊണ്ട്?

ഞാൻ പറഞ്ഞു, “മിക്കവാറും, നമുക്ക് സ്വയം മെച്ചപ്പെടായാണ്, നമ്മുടെ ജീവിതത്തിൽ പുരോഗമിക്കുന്നതിനാണ് ഈശ്വരനെ ആവശ്യമുള്ളത്. രോഗികളുള്ളിടത്തേ നിങ്ങൾക്ക് ഡോക്ടർമാരെ കാണാനാവൂ!”

“ഓ, അതു ശരി!”

അപ്പോൾ മറ്റൊരു മനുഷ്യൻ എന്നോട് ഈ ചോദ്യം ചോദിച്ചു, “എല്ലാ അവതാരങ്ങളും ഇന്ത്യയിലാണ് ജനിക്കുന്നത്, ഇത് താങ്കൾ എങ്ങനെ വിശദീകരിക്കും? എന്തുകൊണ്ട്, എന്തുകൊണ്ട് പാശ്ചാത്യ രാജ്യങ്ങളിലല്ല?”

അപ്പോൾ ഞാൻ പറഞ്ഞു, “പാശ്ചാത്യ രാജ്യങ്ങൾ ഭൗതികതയുടെ പുറകെയാണ്, എന്നാൽ ഭാരതം ആദ്ധ്യാത്മികതയുടെ പുറകെയാണ്. പാശ്ചാത്യർ ‘പദാർത്ഥജ്ഞാന’ത്തിൽ പുരോഗതി ആഗ്രഹിക്കുമ്പോൾ, ഇന്ത്യ ‘പരാർത്ഥജ്ഞാന’ത്തിന്, ആദ്ധ്യാത്മിക ജ്ഞാനത്തിന് പുറകെയാണ്. കോളാർ ഖനിയിലേ നിങ്ങൾക്ക് സ്വർണം കാണാനാവൂ, മറ്റെങ്ങും കാണാനാവില്ല! ഇതേ രീതിയിൽ, ഋഷികളും സന്യാസിമാരും, ഈ രാജ്യത്തെ ആത്മാന്വേഷികൾ ഈശ്വരനുവേണ്ടി പ്രാർത്ഥിച്ചു, അതിനാൽ ഈ നാട് ആദ്ധ്യാത്മികതയുടെ നാടായിത്തീർന്നു, പുരാണങ്ങൾ, ഇതിഹാസങ്ങൾ, ഉപനിഷത്തുകൾ, ഭഗവത്ഗീത തുടങ്ങിയ ശാസ്ത്രങ്ങളുടെ ധനം നിറച്ചുകൊണ്ട്.”

“ഓ, അങ്ങനെയോ! നന്നായി!”

അപ്പോൾ മറ്റൊരു മനുഷ്യൻ എന്നോട് ചോദിച്ചു, “ഇന്ത്യയിൽ എന്തുകൊണ്ടാണ് വിവാഹമോചനങ്ങൾ ഇല്ലാത്തത്? നിങ്ങൾ ഒരേ പങ്കാളിയുമൊത്താണോ ജീവിതാന്ത്യം വരെ കഴിയുന്നത്?”

അപ്പോൾ ഞാൻ മറുപടി പറഞ്ഞു, “ഇന്ത്യയിൽ വിവാഹമോചനങ്ങൾ ഇല്ല. വിവാഹമോചനങ്ങൾ ഇല്ല! തീർച്ചയായും വളരെ കുറച്ച് നടക്കുന്നുണ്ട്, എനിക്ക് പറയാനാവും. കാരണം ഇതാണ്. ഇന്ത്യയിൽ വിവാഹം എന്നത് ഒരു സ്ഥാപനമാണ്, അത് നിങ്ങളെ നദിയുടെ

ഒരു കരയിൽനിന്ന് മറുകരയിലേക്ക് കൊണ്ടുപോവുന്നു. കുടുംബജീവിതമാണ് ആ നദി. നദിയുടെ ഈ കരയെന്നത് ഭൂമിയിലെ ഈ ലോകവും. നദിയെന്നത് കുടുംബജീവിതം. മറ്റേ കരയെന്നത് നമ്മുടെ ലക്ഷ്യമാകുന്നു-മരണാനന്തര ജീവിതം. അതിനാൽ ഇതൊരു യാത്രയാകുന്നു, ഐഹികത്തിൽനിന്ന്, ഈ ഭൂമിയിലെ ജീവിതത്തിൽനിന്ന് അമോഷ്മികത്തിലേക്ക്, മരണാനന്തര ജീവിതത്തിലേക്ക്. അത് നമ്മെ ജീവിതത്തിന്റെ നാല് ലക്ഷ്യങ്ങളുടെ പാതയിലൂടെ നയിക്കുന്നു-ധർമം, അർത്ഥം, കാമം, മോക്ഷം. വിവാഹം വിവാഹത്തിനുവേണ്ടിയല്ല. അതിന് ഉന്നതലക്ഷ്യങ്ങളുണ്ട്. അതുകൊണ്ട്, ഇന്ത്യയിൽ വിവാഹമോചനങ്ങൾ ഇല്ല.''

അപ്പോൾ മറ്റൊരു ചോദ്യം എന്നോട് ഉന്നയിക്കപ്പെട്ടു, ''നിങ്ങൾ ഇന്ത്യയിൽ എന്തുകൊണ്ടാണ് ഗോമാംസം ഭക്ഷിക്കാത്തത്?''



ഗോകുലാഷ്ടമി-പ്രശാന്തിനിലയം

''ഞങ്ങൾ ഇന്ത്യയിൽ ഗോമാംസം ഭക്ഷിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ പശുക്കൾ ഇവിടെ ആരാധിക്കപ്പെടുന്നു, അവ പുണ്യജീവികളാണ്. പശുവിനെ മാതാവായി-ഗോമാതാവായി കരുതപ്പെടുന്നു, അതെ! നാല് കാലുകൾ നാല് വേദങ്ങളായി കരുതപ്പെടുന്നു. പശു ത്യാഗത്തെ പ്രതിനിധീകരിക്കുന്നു. അവൾ പുല്ല് തിന്നിട്ട് നമുക്ക് പാല് തരുന്നു. അത് സാത്വികഗുണത്തെ അഥവാ ധാർമികത, ഭക്തിയെ സൂചിപ്പിക്കുന്നു, അങ്ങനെ ഭാര

തത്തിൽ ആരാധിക്കപ്പെടുന്ന ഗോവിനെ കൊന്ന് തിന്നാൻ കഴിയില്ല. അതുകൊണ്ട് ഗോമാംസം ഇന്ത്യയിൽ അംഗീകരിക്കപ്പെടുന്നില്ല.''

ഈ മാതിരിയുള്ള ചോദ്യങ്ങൾ എന്നോട് ചോദിക്കപ്പെട്ടു. ഞാൻ മറുപടി നൽകി തിരിച്ചു പോന്നു. ഇനി ഞാൻ, സുഹൃത്തുക്കളേ, പണ്ടോറയുടെ പെട്ടി തുറക്കാം! എനിക്ക് മറുപടി പറയാനായ ചോദ്യങ്ങളെല്ലാം തന്നെ സായി സാഹിത്യത്തിൽനിന്ന് മാത്രമായിരുന്നു! ഭഗ വാൻ ശ്രീ സത്യസായി ബാബയുടെ പ്രബോധനങ്ങളിൽനിന്ന് മാത്രം! മറ്റുള്ളവരോ ടൊക്കെ രാഷ്ട്രമീമാംസ, ശാസ്ത്രം, മറ്റ് മേഖലകളിൽനിന്നൊക്കെയുള്ള ചോദ്യങ്ങൾ ചോദിച്ചപ്പോൾ എന്നോടു മാത്രം എന്തുകൊണ്ടാണ് എല്ലാ ചോദ്യങ്ങളും സാഹിത്യ ത്തിൽനിന്ന് അഥവാ മതത്തിൽനിന്ന് മാത്രം ചോദിച്ചത്? എനിക്ക് സത്യസായി സാഹിത്യ വുമായി നല്ല പരിചയം ഉണ്ടായിരുന്നതുകൊണ്ട്, എനിക്ക് അതിനൊക്കെ ഉത്തരം കൊടു ക്കാനായി! എല്ലാ മറുപടികളും സായി സാഹിത്യത്തിൽനിന്നും പ്രബോധനങ്ങളിൽനിന്നും മാത്രം!

ഇതെന്തുകൊണ്ട് സംഭവിച്ചു? ഇതെങ്ങനെ സംഭവിച്ചു? അപ്പോൾ എനിക്ക് നിഗമനത്തിലെ ത്തേണ്ടതായി വന്നു, അത് ഭഗ വാന്റെ കൃപയായിരുന്നു, ഭഗ വാൻ ബാബയുടെ സങ്കൽപമാണ് അവരെക്കൊണ്ട് ഈ ചോദ്യ ങ്ങൾതന്നെ ചോദിപ്പിച്ചത്.




ഒരു കാര്യം സൂചിപ്പിക്കുന്നതിന് ഞാൻ വിട്ടുപോയി. റോട്ടറി ഗവർണർമാർ-ഏറ്റവും അവ സാനം എന്നോട് ഇങ്ങനെയൊരു ചോദ്യം ചോദിക്കുകയുണ്ടായി, ''ഇസ്രായേലിന്റെ ഗവർണർ ആരാണ്-ക്ഷമിക്കണം- ഇസ്രായേലിന്റെ പ്രസിഡണ്ട് ആരാണ്?''

നോക്കണേ, എല്ലാ ചോദ്യങ്ങളും മതത്തെ അല്ലെങ്കിൽ ആദ്ധ്യാത്മികതയെ അടിസ്ഥാനമാ ക്കിയുള്ളതായിരുന്നു, ഒടുക്കം ഇവരെന്താണ് ഈ ചോദ്യം തൊടുത്തത്?

ഞാൻ പറഞ്ഞു, ''എനിക്ക് ഓർമ്മയില്ല, സർ! ഈയടുത്ത കാലം വരെ ഒരു മാന്യനായി രുന്നു പ്രസിഡണ്ട്. ഇപ്പോൾ അദ്ദേഹത്തിന്റെ പദവിയിൽ ഒരു സ്ത്രീയാണ്. ഗോൾഡാ മെയർ ആണവർ!'' ഇതാണ് ഞാൻ പറഞ്ഞത്.

“50% മറുപടി പറഞ്ഞു, താങ്കൾക്ക് ഇനി പോകാം!'' അവർ പറഞ്ഞു. റോട്ടറി ഇന്റർനാഷ ണൽ റീജിയൻ 315-ന്റെ ഗ്രൂപ്പ് സ്റ്റഡി എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഒരു അംഗമായി

യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്ക സന്ദർശിക്കുന്നതിനായുള്ള ഇന്റർവ്യൂ ഞാൻ അഭിമുഖീകരിച്ച കഥയുടെ പര്യവസാനം ഇതാണ്.

ശരി, ഭഗവാൻ ബാബയ്ക്ക് അകമേ നന്ദി പറഞ്ഞുകൊണ്ട് ഞാൻ വീട്ടിലേക്ക് മടങ്ങിപ്പോന്നു, ‘‘സ്വാമീ! അവിടുന്ന് എന്റെ മാനം കാത്തു. അവരെന്നോട് രാഷ്ട്രതന്ത്രത്തിലെ വല്ല ചോദ്യമോ, അഥവാ ‘ഡെൻമാർക്കിന്റെ തലസ്ഥാനം ഏതാണ്?’ ‘തുർക്കിയുടെ തലസ്ഥാനം ഏതാണ്?’ ഇത്തരം ചോദ്യങ്ങൾ വല്ലതും ചോദിച്ചിരുന്നുവെങ്കിൽ- നന്നായി, എനിക്ക് മറുപടി നൽകാൻ കഴിയുമായിരുന്നില്ല, കാരണം എനിക്ക് യാതൊരു തയ്യാറെടുപ്പുമില്ലായിരുന്നു. അവരെക്കൊണ്ട് എനിക്ക് മറുപടി നൽകാവുന്ന വിധം, അവിടുത്തെ പ്രഭാഷണങ്ങളിൽനിന്നും ആ സാഹിത്യത്തിൽനിന്നും ഉള്ള ചോദ്യങ്ങൾ മാത്രം ചോദിപ്പിച്ചത് എങ്ങനെയാണ്? ഇപ്രകാരം ഞാൻ സ്വാമിക്ക് വളരെയധികം നന്ദി പറഞ്ഞു.

കുറച്ചു നാൾ കഴിഞ്ഞിട്ട്, പതിനഞ്ചോ ഇരുപതോ ദിവസങ്ങൾ കഴിഞ്ഞിട്ടുണ്ടാവും, റിസൽട്ട് എന്തായി എന്നു തിരക്കിയോ എന്ന് ചില ആളുകൾ എന്നോട് ചോദിച്ചു. അന്വേഷിക്കുന്നതിന് ഞാൻ തയ്യാറല്ല എന്ന് ഞാനവരോട് പറഞ്ഞു. എന്തുകൊണ്ട്, കാരണം ഞാൻ ഒരു തയ്യാറെടുപ്പും നടത്തിയിരുന്നില്ല. ഞാൻ തെരഞ്ഞെടുക്കപ്പെട്ടില്ല എങ്കിൽ, ശരി, നല്ലത്! ഞാൻ തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ, ക്രെഡിറ്റ് ഭഗവാൻ ശ്രീ സത്യസായി ബാബയ്ക്കാണ്, എനിക്കല്ല.

സുഹൃത്തുക്കളേ, എന്നെ വിശ്വസിച്ചാലും! സത്യസന്ധമായി ഞാൻ നിങ്ങളോട് പറയുകയാണ്, സകല ന്യൂസ് പേപ്പറുകളും ഒരു ചെറിയ ബുള്ളറ്റിനിലായി ഞങ്ങളുടെ പേരുകൾ പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുക്കപ്പെട്ടവരിൽ, ഞാനാണ് ഒന്നാമൻ. അത് ബാബയുടെ സെലക്ഷനാണ്. ശരി, എങ്ങനെയാണ് ഞാൻ തെരഞ്ഞെടുക്കപ്പെട്ടത്, അത് ഞാൻ നിങ്ങളോട് പറഞ്ഞു കഴിഞ്ഞു, അത് തികച്ചും ഭഗവാന്റെ കൃപയാണ്.

അവിടെ, സത്തേൺ ഇന്ത്യാനയിൽ, ഞാൻ നിരവധി സ്ഥലങ്ങൾ സന്ദർശിച്ചു-ടെറെ ഹോതെ ഇന്ത്യാന, അറോറ ഇന്ത്യാന, ബ്ലൂമിംഗ്ടൺ ഇന്ത്യാന, കോറിഡോൺ ഇന്ത്യാന -നിരവധി സ്ഥലങ്ങൾ; ആ സ്റ്റേറ്റ് മുഴുവനും ചുറ്റിക്കറങ്ങി! ചെറുപ്പക്കാരായിരുന്ന സഹാംഗങ്ങൾ, അവർ അമേരിക്കയിൽ സ്ഥലപര്യടനത്തിനായി ആഗ്രഹിച്ചു, അവരതിന് പോയി. പക്ഷേ എന്റെ ബിസിനസ്സ് ഭഗവാൻ ശ്രീ സത്യസായി ബാബയെ ഓരോരുത്തർക്കും രൂപത്തിലും ഉള്ളടക്കത്തിലും പരിചയപ്പെടുത്തുക എന്നതായിരുന്നു.

ശരി, ഞാനവിടെ ഒന്നോ രണ്ടോ റോട്ടറി മീറ്റിംഗുകളിൽ അഭിസംബോധന ചെയ്യുകയുണ്ടായി, ബാക്കി അംഗങ്ങൾ പറഞ്ഞു, ‘‘മി.അനിൽകുമാർ! ഇനി മുതൽ, ഓരോ

മീറ്റിംഗിലും താങ്കൾ സംസാരിച്ചാൽ മതി!'' അങ്ങനെ ഞാൻ സ്റ്റേറ്റ് മുഴുവനും വിവിധ വിഷയങ്ങളെപ്പറ്റി പ്രഭാഷണം ചെയ്ത് നടന്നു.

ഒരു ദിവസം ഞാനൊരു കാറിൽ യാത്ര ചെയ്യുകയായിരുന്നു, ഞാൻ സായിഭജൻ പാടിക്കൊണ്ടിരിക്കുകയായിരുന്നു, ആ കാറിൽ ഒപ്പമുണ്ടായിരുന്നത് ഒരു വെള്ളക്കാരനാണ്, ഒരു അമേരിക്കൻ. അദ്ദേഹത്തിന് വളരെയധികം കൗതുകമായി.

''മി.അനിൽകുമാർ, താങ്കളെന്താണീ ചെയ്യുന്നത്?'' ഞാൻ പൂർണമായും സസ്യാഹാരം മാത്രം കഴിച്ചിരുന്നതുകൊണ്ട് എന്റെ ബോധം പോയതാവും എന്നാണെന്നു തോന്നുന്നു അദ്ദേഹം വിചാരിച്ചത്. ചോറ് കിട്ടാത്തതുകൊണ്ട് ഞാൻ കുറച്ച് കശുവണ്ടി, ബിസ്കറ്റ്, ഐസ് ക്രീം ഇതൊക്കെയാണ്.

ഞാൻ പറഞ്ഞു, ''സർ, എനിക്ക് ബോധം പോയതല്ല. ഞാൻ ഈശ്വരസ്തുതിപരമായ ഇന്ത്യൻ ഭജനുകൾ പാടുകയാണ്!''

അദ്ദേഹം പറഞ്ഞു, ''താങ്കൾ ഇത്, താങ്കളിത് എന്റെ ഭവനത്തിൽ വന്ന് ചെയ്യുമോ?''

ഞാൻ പറഞ്ഞു, ''ഞാൻ വരാം, താങ്കൾ മുഴുവൻ റോട്ടേറിയൻ കുടുംബങ്ങളെക്കൂടി ക്ഷണിക്കുകയാണെങ്കിൽ മാത്രം, അവർക്കും ഈ ഭജനുകൾ കേട്ട് ആനന്ദിക്കാമല്ലോ!''

''എന്തുകൊണ്ടില്ല!'' അദ്ദേഹം സന്തോഷത്താൽ തുള്ളിച്ചാടി.

ദയവായി എന്നെ വിശ്വസിച്ചാലും. റോട്ടറി ക്ലബ് മീറ്റിംഗിൽ ഏകദേശം 20 മുതൽ 30 വരെ അംഗങ്ങളേ പങ്കെടുത്തിരുന്നുള്ളു; അതേസമയം, ഞാൻ ബാബയെക്കുറിച്ച് സംസാരിച്ച, ഭജനുകൾ പാടിയ സായാഹ്ന സംഗമങ്ങളിൽ 200 ആളുകൾ പങ്കെടുത്തു. ഓരോ ദിവസവും 100-നും 200-നും ഇടയ്ക്ക് ആളുകളുണ്ടായിരുന്നു. ന്യൂസ് പേപ്പറുകൾ പ്രസിദ്ധപ്പെടുത്തി, ''ഇതാ റോട്ടറി ക്ലബ് സ്പോൺസർ ചെയ്ത മനുഷ്യൻ, പക്ഷേ അദ്ദേഹം പറയുന്നത്, സത്യസായി ബാബയാണ് തന്നെ തെരഞ്ഞെടുത്തത്, ഇവിടെ വരുന്നതിനായി എന്നാണ്!'' എന്റെ ഫോട്ടോ സഹിതമാണ് അവർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. അവരുടെ വിശദീകരണവും-അമേരിക്കൻ വിവരണം-തനതായിരുന്നു. ''മുടി നടുവെ രണ്ടായി പകുത്ത്, കാലു പിണച്ച് , മിക്കവാറും ബീച്ച് സാൻഡൽ ധരിച്ച് ഇരിക്കുന്ന ഈ മനുഷ്യൻ, തന്റെ സ്പെഷ്യലൈസേഷൻ വിഷയമായ ബോട്ടണിയേക്കാളധികം തത്വചിന്തയാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്.''

ഇപ്രകാരം ടി.വി.ക്കാർ എന്നെ ഇന്റർവ്യൂ ചെയ്തു. ജേർണലിസ്റ്റുകൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. ഞാനിത് എന്തിന് വെളിപ്പെടുത്തുന്നു എന്നോ, ബാബയുടെ രീതികൾ നിഗൂഢമാണെന്ന് പറയാനാണ്. അവ വളരെ വിചിത്രമാണ്! അവിശ്വസനീയം! അവിശ്വസനീയം!
1975ൽ എനിക്കുണ്ടായ ഈ അനുഭവം പ്രശാന്തി സന്ദേശം ഗ്രൂപ്പിലെ അംഗങ്ങളുമായി ഞാൻ പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. 1975-ൽ എന്റെ ആദ്യത്തെ യുണൈറ്റഡ് സ്റ്റേറ്റ്സ് സന്ദർശനവുമായി ബന്ധപ്പെട്ട് മറ്റ് നിരവധി കാര്യങ്ങൾ ഉണ്ടെങ്കിലും, പ്രസക്തമായ ഏതാനും കാര്യങ്ങൾ മാത്രമാണ് ഞാൻ ഇവിടെ വെളിപ്പെടുത്തിയത്.
നിങ്ങളുടെ സമയത്തിന് നന്ദി. വീണ്ടും കാണാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)